പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 22 26.02.2018-ൽ മറുപടിക്ക്

## റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ

**ചോദ്യം** **മറുപടി**

**ശ്രീ.ഇ.കെ.വിജയൻ**
**ശ്രീ.മുല്ലക്കര രത്നാകരൻ**
**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**
**ശ്രീ.കെ. രാജൻ**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**
(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് റോഡപകടങ്ങളിൽപ്പെടുന്നവർക്ക് 48 മണിക്കൂർ അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനുള്ള സർക്കാർ തീരുമാനം നടപ്പായിട്ടുണ്ടോ; | എ) | കേരളത്തിൽ കഴിഞ്ഞ കുറേ കാലങ്ങളായി കൂടുതലാളുകൾ മരണത്തിനും ഗുരുതര ശാരീരിക വൈകല്യത്തിനും ഇടവരുന്ന റോഡപകടങ്ങൾ വർദ്ധിച്ചു വരികയായിരുന്നു. എന്നാൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ മുൻ വർഷങ്ങളിലേതിനേക്കാൾ അപകടമരണ നിരക്ക് കുറച്ചു കൊണ്ടു വരാൻ സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും റോഡപകടങ്ങൾ തുടർക്കഥയാകുന്നത് ഒരു വലിയ വിപത്തായി കണ്ടുകൊണ്ട് ഇക്കാര്യത്തിൽ ശാസ്ത്രീയ പരിശോധനകളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 02.11.2017- ൽ ചേർന്ന യോഗത്തിൽ, റോഡപകടങ്ങളിൽപ്പെടുന്നവർക്ക് സർക്കാർ/ സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിൽസ ഉറപ്പാക്കുന്നതിനായി നടപടി എടുക്കുമെന്ന തീരുമാനം എടുത്തിരുന്നു. മേൽ പദ്ധതിയുടെ സമഗ്രവും വിജയകരവുമായ നടത്തിപ്പിന് സമഗ്ര ആക്സിഡന്റ് ഇൻഷുറൻസ് പ്രോഗ്രാം എന്ന രീതിയിൽ നൂതനമായ ഒരു പ്രോജക്ട് വിഭാവനം ചെയ്യുകയും ആയതിന്റെ നടത്തിപ്പ് സർക്കാർ-സ്വകാര്യ ആശുപത്രികളും ഇൻഷുറൻസ് കമ്പനികളും റോഡ് സുരക്ഷാ വിഭാഗവും കോർത്തിണക്കി ഫലവത്തായി നടപ്പിൽ വരുത്തുന്നതിന് താൽപ്പര്യമുള്ള ഇൻഷുറൻസ് കമ്പനിയോ, കമ്പനികളുടെ കൂട്ടായ്മയോ കണ്ടെത്തുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>റോഡപകടങ്ങളിൽപ്പെടുന്നവരിൽ കൂടുതലും മരണപ്പെടുന്നത് തലയ്ക്കേൽക്കുന്ന ക്ഷതം മൂലമാണ്. അത്തരക്കാരുടെ ജീവൻ രക്ഷിക്കുന്നതിൽ ആദ്യ മണിക്കൂർ (Golden |

| | | | |
|---|---|---|---|
| | | | Hour) നിർണ്ണായകമായതിനാൽ സർക്കാർ ആശുപത്രികൾക്ക് പുറമെ ട്രോമാകെയർ സംവിധാനമുള്ള സ്വകാര്യ ആശുപത്രികളുടെ കൂടി സഹകരണത്തോടെ കുറ്റമറ്റ ചികിൽസയും GPS നിരീക്ഷണത്തോടെ നിലവാരമുള്ള ആംബുലൻസുകളുടെ ശ്രേണിയും പരിശീലനം സിദ്ധിച്ച ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി ആദ്യത്തെ 48 മണിക്കൂറിലെ ചികിൽസാ ചെലവുകൾ ഇൻഷ്വറൻസ് കമ്പനികളുടെ സഹകരണത്തോടെ അതാത് ആശുപത്രികൾക്ക് നൽകി കൊണ്ടും സമഗ്രമായ ട്രോമാകെയർ സംവിധാനം നടപ്പിൽ വരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ആദ്യ പടി എന്ന നിലയിൽ GPS നിയന്ത്രിത ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും താൽപ്പര്യ പത്രം ക്ഷണിക്കുന്നതിന് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) | സ്വകാര്യ ആശുപത്രികൾ തമ്മിൽ ചികിത്സാചെലവിൽ വലിയ അന്തരം നിലനിൽക്കുന്നതിനാൽ ചികിത്സാക്രമം നിരീക്ഷിക്കുന്നതിന് സർക്കാർ സംവിധാനം ഏർപ്പെടുത്തുമോ; ആയതിനോട് സ്വകാര്യ ആശുപത്രികളുടെ സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ടോ; | ബി) | കേരളത്തിൽ 60 ശതമാനത്തിലധികവും ആരോഗ്യ സേവനം ലഭ്യമാക്കുന്നത് സ്വകാര്യ മേഖലയിലെ ആശുപത്രികളും, ഡിസ്പെൻസറികളും ലബോറട്ടറികളുമാണ്. എന്നാൽ ഒരേ ചികിൽസയ്ക്ക് തന്നെ വിവിധ സ്വകാര്യ ആശുപത്രികൾ തമ്മിൽ ചികിൽസാ ചെലവിന്റെ കാര്യത്തിൽ വലിയ അന്തരം നിലനിൽക്കുന്നു എന്നത് വസ്തുതയാണ്. ഈ ആശുപത്രികളിൽ ലഭ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക വിദഗ്ദരുടെ ലഭ്യതയും കൂടാതെ ലാഭേച്ഛയും മുൻനിർത്തി പ്രവർത്തിക്കുന്ന സ്പെഷ്യാലിറ്റി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ സ്വകാര്യ മേഖലയിൽ വർദ്ധിച്ചു വന്നിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുവാൻ സംസ്ഥാനത്ത് നിയമം നിലവിലില്ലാത്തതിനാലും കേരളത്തിലെ സാഹചര്യം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിഭിന്നമായതിനാലും സംസ്ഥാനത്തിന് മാത്രം ബാധകമാകുന്ന ഒരു നിയമം അനിവാര്യമാണെന്ന് കണ്ടതിനെത്തുടർന്ന് പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ക്ലിനിക്കൽ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങളുടേയും സേവനങ്ങളുടേയും ഏറ്റവും ചുരുങ്ങിയ നിലവാരം നിശ്ചയിക്കാനും അത്തരം സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനും ഫലപ്രദമായ നിയന്ത്രണവും ലൈസൻസും ഏർപ്പെടുത്തുന്നതിന് വിഭാവനം ചെയ്തു കൊണ്ട് കേരള നിയമസഭയിൽ അവതരിപ്പിച്ച കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ബിൽ 2017, 01.02.2018 ന് നിയമസഭ പാസ്സാക്കിയിട്ടുണ്ട്. ഈ ബിൽ നിയമമാകുന്നതോടുകൂടി ചികിൽസാ ക്രമം നിരീക്ഷിക്കുന്നതിനും സ്വകാര്യ മേഖലയിലെ ആശുപത്രികളെക്കൂടി വിശ്വാസത്തിലെടുത്തു കൊണ്ട് സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനും ആണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. |
| സി) | പ്രസ്തുത ചികിത്സയുമായി ബന്ധപ്പെട്ട ആശുപത്രി ബില്ലുകൾ യഥാസമയം മാറി നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | സി) | സ്വകാര്യ ആശുപത്രികളിലെ ചികിൽസാ ബില്ലുകളിൽ സർക്കാർ നിയന്ത്രണത്തിലുള്ള ഇൻഷ്വറൻസ് സഹായത്തോടെ ലഭ്യമാകുന്ന ചികിൽസയ്ക്ക് ഇൻഷ്വറൻസ് ക്ലെയിം സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിന് നിലവിൽ തടസ്സങ്ങളില്ല. |

**സെക്ഷൻ ഓഫീസർ**